**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2604** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ സാങ്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൈനിംഗ്ജി & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കോടതിയിൽ കേസ് ചാർജ് ചെയ്യുന്നതിന് സർക്കാരിൽ നിന്നും പ്രോസിക്യൂഷൻ സാങ്ഷൻ നൽകുന്നതിന് മുമ്പായി സർവ്വീസിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ നേരിട്ട് ഹിയറിങ് നടത്തി കേസിന്റെ നിജസ്ഥിതി അറിയുവാൻ തയ്യാറാകുമോ; | (എ) | 1988 ലെ അഴിമതി നിരോധന നിയമപ്രകാരം അന്വേഷണാനുമതി, വിചാരണ അനുമതി എന്നിവ സംബന്ധിച്ച് പ്രതിപാദിയ്ക്കുന്നത് യഥാക്രമം വകുപ്പ് 17 എ, 19 എന്നിവയിലാണ്. വകുപ്പ് 17 എ എന്നത് അന്വേഷണാനുമതി സംബന്ധിച്ചും വകുപ്പ് 19 എന്നത് വിചാരണ അനുമതി സംബന്ധിച്ചും ഉള്ളതാണ്. ആയതിൽ വകുപ്പ് 17 എ യിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പൊതു സേവകൻ ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള തീരുമാനം/ നൽകിയിട്ടുള്ള ശുപാർശ എന്നിവയുമായി ബന്ധപ്പെട്ട കുറ്റാരോപണം സംബന്ധിച്ച് നടത്തപ്പെടുന്ന അന്വേഷണം ഉചിതമായ സർക്കാരിന്റെ അനുമതിയോടു കൂടി മാത്രം ആയിരിക്കേണ്ടതാണ് എന്നാണ്. വകുപ്പ് 19 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം, 1988 ലെ അഴിമതി നിരോധന നിയമത്തിൻ കീഴിലുള്ള ഏതെങ്കിലും കുറ്റത്തിന് ഒരു പൊതു സേവകനെതിരെ കോടതി മുമ്പാകെ വിചാരണ നടപടിയെടുക്കുന്നതിന് മുന്നോടിയായി അങ്ങനെയുള്ള പൊതു സേവകനെ ഔദ്യോഗിക സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് അധികാരപ്പെട്ട സർക്കാരോ അല്ലെങ്കിൽ ബന്ധപ്പെട്ട അധികാര സ്ഥാനമോ കുറ്റവിചാരണയ്ക്കുള്ള മുൻകൂർ അനുമതി നൽകേണ്ടതാണ്. എന്നാൽ അത്തരമൊരു അനുമതിക്കായി ഒരു സ്വകാര്യ വ്യക്തി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് പൊതു സേവകനെ നേരിൽ കേൾക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ പ്രസ്താവിച്ചിട്ടുള്ളതാണ് 1988 -ലെ അഴിമതി നിരോധന നിയമത്തിൻ കീഴിൽ പൊതു സേവകനെതിരായ അന്വേഷണാനുമതി, വിചാരണ അനുമതി എന്നിവ സംബന്ധിച്ച നിയമ വ്യവസ്ഥകൾ. ആയതിനാൽ സ്വകാര്യ വ്യക്തികൾ അഴിമതി |

| | | | |
|---|---|---|---|
| | | | നിരോധന നിയമപ്രകാരം വിചാരണാനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷയിൽ ഒഴികെ കുറ്റാരോപിതരായ പൊതു സേവകനെ നേരിൽ കേൾക്കുന്നതിന് പ്രസ്തുത നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) | മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പതിനാല് ജില്ലാ ഓഫീസുകളും ഡയറക്ടറേറ്റും നിയമങ്ങൾ നടപ്പിലാക്കുന്നത് ഏകീകരിക്കുന്നതിനായി ഒരു കൈപ്പുസ്തകം അല്ലെങ്കിൽ മാന്വൽ തയ്യാറാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | മൈനിങ് ആന്റ് ജിയോളജി വകുപ്പിലെ നിലവിലുള്ള നിയമങ്ങൾ സുതാര്യവും വ്യക്തതയുള്ളതുമാണ്. നിയമങ്ങളിൽ കൂടുതൽ വ്യക്തത വേണ്ടി വരുന്ന സാഹചര്യത്തിൽ മൈനിങ് ആന്റ് ജിയോളജി ഡയറക്ടർ സർക്കുലറുകളും കത്തുകളും നൽകാറുണ്ട്. ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം ഉറപ്പാക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ